ജനാർദ്ദനന്റെ സംശയാസ്പദമായ മരണം

75 (731)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല പോലീസ് സ്റ്റേഷനതിർത്തിയിലെ പട്ടിത്തറ ജനാർദ്ദനൻ എന്ന ഉണ്ണിയുടെ സംശയാസ്പദമായ മരണത്തെപ്പറ്റി ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ഇതുവരെയായി എത്രപേരെ ചോദ്യം ചെയ്തിട്ടുണ്ട്;

(സി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അന്വേഷിക്കുന്നുണ്ട്.

(ബി) 91 സാക്ഷികളെ കണ്ടു ചോദിച്ചിട്ടുള്ളതാണ്.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും ആയതിന്റെ ഫാക്ച്വൽ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലുമാണ്.

കതിരൂർ ബോംബ് സ്ഫോടനം

76 (732)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്തംബറിൽ കണ്ണൂർ ജില്ലയിലെ കതിരൂർ പുല്യോട്ടു നടന്ന ബോംബ് സ്ഫോടനത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിൽ ബോംബ് സ്ഫോടനം നടന്നത് എപ്രകാരമാണെന്നാണ് പറഞ്ഞിട്ടുള്ളത്;

(സി) ഈ സ്ഫോടനത്തിൽ എത്രപേർ കൊല്ലപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു;

(ഡി) മരണപ്പെട്ടവരും പരുക്കേറ്റവരും ഏതു രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണ്;

(ഇ) ക്രൈംബ്രാഞ്ച് റിപ്പോർട്ടിന്മേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ കേസ്സ് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ സ്പെഷ്യൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് പ്രകാരം 30.9.99 ൽ കൊട്ടിയൂർ തീർത്ഥാടകർക്ക് വിശ്രമത്തിനായുള്ള ഷെഡിൽ പ്രദീപൻ, അനിൽകുമാർ, മനോജ്, സുരേഷ് എന്നിവർ ചീട്ട് കളിച്ചുകൊണ്ടിരുന്ന സമയം രാത്രി 8.30 നാണ് സ്ഫോടനം ഉണ്ടായത്.

(സി) 2 പേർ കൊലചെയ്യപ്പെട്ടു. 2 പേർക്ക് പരിക്കേറ്റു.

(ഡി) സി.പി.എം. അനുഭാവികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേസ്സ് അന്വേഷണാവസ്ഥയിലാണ്.

ഭാസ്കര കുമ്പള കൊലക്കേസ്സ് പ്രതിയെ വധിച്ച സംഭവം

77 (733)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാസ്ക്കര കുമ്പള കൊലക്കേസ്സിലെ പ്രതികളെ വെറുതെവിട്ടു കൊണ്ടുള്ള കോടതി ഉത്തരവുണ്ടായത് എന്നായിരുന്നു;

(ബി) വെറുതേ വിട്ട പ്രതികൾക്ക് ദേഹോപദ്രവമുണ്ടായേക്കാനിടയുണ്ടെന്ന് രഹസ്യപോലീസ് റിപ്പോർട്ട് നൽകിയിരുന്നുവോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത കേസ്സിലെ 4-ാം പ്രതി വിജയനെ കോടതിവിധി ഉണ്ടായതിന്റെ പിറ്റേദിവസം വധിക്കുകയുണ്ടായോ;

(ഇ) ഇതു സംബന്ധിച്ച് കേസ്സെടുത്തുവോ;

(എഫ്) ആരെല്ലാമാണ് പ്രതികൾ, അവരെ അറസ്റ്റുചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 14-8-98-ൽ.

(ബി) നൽകിയിരുന്നു.

(സി) ഈ കേസ്സിലെ പ്രതികളേയും എതിരാളികളേയും മറ്റ് അനിഷ്ടസംഭവങ്ങളുമുണ്ടാകാതിരിക്കാൻ അങ്ങേയറ്റം ജാഗ്രതയോടെ പോലീസ് നിരീക്ഷിച്ചിരുന്നു.

(ഡി)-(എഫ്) കോടതിവിധി ഉണ്ടായത് 14-8-98 ലാണ്. അതിന്റെ പിറ്റേ ദിവസം അത്തരമൊരു സംഭവമുണ്ടായിട്ടില്ല.

പാനൂർ സ്കൂളിലെ ബോംബ് സ്ഫോടനം

78 (734)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ സ്കൂളിലെ അദ്ധ്യാപകരുടെ മുറിയിൽ ബോംബ് പൊട്ടിയത് സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ പ്രതികൾ ആരെല്ലാമായിരുന്നു;

(സി) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതികളെ അറിവായിട്ടില്ല.

(സി) പാനൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി.286-ാം വകുപ്പനുസരിച്ച് ക്രൈം നമ്പർ 148/198 ആയി രജിസ്റ്റർ ചെയ്തിരുന്ന കേസ്സ്, എക്സ്പ്ലോസീവ് സബ്സ്റ്റൻഡ് ആക്ടിലെ 5-ാം വകുപ്പായി മാറ്റി രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly